(ബി) ലാഭത്തിലാണെങ്കിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷത്തെയും ലാഭം എത്ര വീതമാണ്;

(സി) നഷ്ടത്തിലാണെങ്കിൽ ഓരോ വർഷത്തെയും നഷ്ടം എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1996-97-ലെ നഷ്ടം 28.03 കോടി രൂപയും 1997-98-ലെ നഷ്ടം 50.99 കോടി രൂപയും ആയിരുന്നു. 98-99-ലെ കണക്ക് പൂർത്തിയായിട്ടില്ല. എന്നാൽ ലാഭനഷ്ടങ്ങൾ കണക്കാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്ഥിരമായ ആസ്തി കണക്കാക്കിയിട്ടില്ല.

55 (347) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര ബസ്സുകൾ ഇൻഷ്വർ ചെയ്തുകൊണ്ടുള്ള നടപടികളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ബസ്സുകളും ഇൻഷ്വർ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ് സൂപ്പർ ഫാസ്റ്റ് ശ്രേണിയിൽപ്പെട്ട 603 ബസ്സുകൾ നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ ഇതുവരെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) ഇൻഷ്വർ ചെയ്യപ്പെട്ട വാഹനം അപകടത്തിൽപ്പെട്ടാൽ അതിൽ ഉൾപ്പെട്ട് പരിക്കേൽക്കുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും അടിയന്തിര സഹായം ഉൾപ്പെടെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ അർഹമായ തുക പരിധി ഇല്ലാതെ ഇൻഷ്വറൻസ് കമ്പനി താമസംവിനാ നൽകുന്നതിന് ആവശ്യമായ വ്യവസ്ഥകൾ എഗ്രിമെന്റ് പ്രകാരം നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈ വർഷാവസാനത്തിനുമുമ്പ് എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്യാൻ കഴിയുമെന്നാണ് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നത്.

205/2010.

LIBRARY ARCHIVES Kerala Legislative Assembly